ഉത്തരം

(എ) നിയമവിരുദ്ധമായ ബാഹ്യ ഇടപെടലുകൾക്ക് വിധേയമാകാതെ വിജിലൻസ് അന്വേഷണങ്ങൾ പൂർത്തീകരിക്കാൻ നിലവിലെ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് സാധിക്കുന്നുണ്ട്. അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ യാതൊരുവിധ വെല്ലുവിളികളും നേരിടുന്നില്ല.

(ബി) ഇല്ല.

(സി) വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിക്കാറുണ്ട്. ഇത് പരിശോധിച്ച് വിജിലൻസ് അന്വേഷണം ആവശ്യമുണ്ടെന്ന് കാണുന്നവയിൽ മാത്രമേ അന്വേഷണത്തിന് ഉത്തരവ് നൽകാറുള്ളൂ. കീഴ്വഴക്കങ്ങൾ പാലിച്ചുകൊണ്ടുള്ള എല്ലാ അന്വേഷണ ഉത്തരവുകളിലും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നിയമാനുസൃതം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നിലവിൽ അന്വേഷിക്കുന്നതും അന്വേഷിച്ചിട്ടുള്ളതുമായ വിജിലൻസ് അന്വേഷണങ്ങളും, വിജിലൻസ് കേസുകളും, സത്വരാന്വേഷണങ്ങളും, രഹസ്യാന്വേഷണങ്ങളും മിന്നൽ പരിശോധനകളും എല്ലാം തന്നെ ജീവനക്കാർ ഉൾപ്പെട്ട് സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങളിന്മേലുള്ള അന്വേഷണങ്ങളാണ്. ഇതിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് ശിക്ഷാവിധിയായിട്ടുള്ള വിജിലൻസ് കേസുകൾ ഒന്നും തന്നെ നിലവിലില്ല.

**ഫ്ളയിംഗ് സ്ക്വാഡ് രൂപീകരണം**

**223 (6373)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ കീഴിൽ എല്ലാ ജില്ലകളിലും ഫ്ളയിംഗ് സ്ക്വാഡുകൾ രൂപവൽക്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എന്നാണ് പ്രസ്തുത പ്രഖ്യാപനം നടത്തിയത് ; ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഇത്തരം സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) എല്ലാ ജില്ലകളിലും വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. നിലവിൽ തിരുവനന്തപുരം നഗര പരിധിയിൽ മാത്രമാണ് പരീക്ഷണാടിസ്ഥാനത്തിൽ ലൈറ്റ്നിംഗ് സ്ക്വാഡ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly